# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 1454

22.03.2013 -ൽ മറുപടി നൽകേണ്ടത്

## നഗരങ്ങളിൽ ചട്ടങ്ങൾ ലംഘിച്ചു നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ക്രമപ്പെടുത്തി നൽകുന്നതിന് നടപടി

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
വകുപ്പു മന്ത്രി

| ചോദ്യം | ഉത്തരം |
|---|---|
| (എ) നഗരങ്ങളിൽ ചട്ടങ്ങൾ ലംഘിച്ചു നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ക്രമപ്പെടുത്തി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;<br><br>(സി) ചട്ടങ്ങൾ ലംഘിച്ചു നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് കൂടുതൽ പിഴ ഈടാക്കി ക്രമപ്പെടുത്തി നൽകുന്നത് പരിഗണിക്കുമോ ; വിശദമാക്കുമോ ;<br><br>(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ? | (എ) (ബി) (സി) & (ഡി)<br>21-08-2010-ലെ ജി. ഒ. (എം.എസ്) 185/2010/തസ്വഭവ നമ്പർ പ്രകാരം കേരള കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്ത് അനധികൃതമായി നിർമ്മിച്ച വളരെ കുറച്ച് കെട്ടിടങ്ങളേ ടി ചട്ടങ്ങൾ പ്രകാരം ക്രമവത്കരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. മേൽപ്പറഞ്ഞ ഉത്തരവിലെ വ്യവസ്ഥകൾ ഏറെ കർക്കശമായിരുന്നതു മൂലം ക്രമവത്കരണത്തിനുള്ള അപേക്ഷകൾ കുറയുകയും ഭൂരിഭാഗം നിർമ്മാണങ്ങളും അനധികൃതമായി തന്നെ നിലകൊള്ളുകയും ചെയ്തു. ഈ കാര്യം മുൻനിർത്തി, സംസ്ഥാനത്ത് അനധികൃത കെട്ടിടങ്ങൾ safety, security എന്നിവയിൽ വിട്ടുവീഴ്ച ചെയ്യാതെ ഭാരിച്ച തുക compounding fee ആയി സ്വീകരിച്ച് നിബന്ധനകൾക്കു വിധേയമായി ക്രമവൽക്കരിക്കാൻ ഉദ്ദേശിക്കുന്നു. അതനുസരിച്ച് ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഭേദഗതി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ